കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# വളാഞ്ചേരി നഗരസഭ

# 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട്

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.25/2869/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 19-01-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ, (സെക്രട്ടറി മുഖേന)
വളാഞ്ചേരി നഗരസഭ
സർ,

വിഷയം : **വളാഞ്ചേരി നഗരസഭ 2017-18** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വളാഞ്ചേരി നഗരസഭയുടെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ധനകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്(ഉപരിപത്രം സഹിതം)
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5)കാര്യാലയ പകർപ്പ്

എം.എ.1/19

നമ്പർ.കെ.എസ്.എ.എം.പി.എം.25/241/2017

തിയ്യതി 07-02-2017

## മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ
## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

**മലപ്പുറം** ജില്ലയിലെ **വളാഞ്ചേരി നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 19-10-2017 മുതൽ 11-11-2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ **നഗരസഭയുടെ** ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സുധാ ദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ചസമയം | 12-11-2018മുതൽ 23-11-2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ദിനേശൻ.എം, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സൽമത്ത് .ടി.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി. അബ്ദുൾ ഗഫൂർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹമ്മദ് സിയാദ്, സീനി. ഗ്രേഡ്. ഓഡിറ്റർ |
| | ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷാഹിന മുണ്ടശ്ശേരി | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ടി.കെ. സുജിത്ത് | 1-4-2017 മുതൽ 31-3-2018 വരെ |

(സി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീ.ഗ്രേഷ്യസ് എം. ജോൺ | 1-4-2017 മുതൽ 31-3-2018 വരെ |
| വെററിനറി സർജൻ | ശ്രീ. ഡോ. കെ.ബി. | 1-4-2017 മുതൽ 8-11-2017 |

| | | |
|---|---|---|
| | പ്രഭാകരൻ | വരെ |
| | ശ്രീ. ഡോ. പി.യു.അബ്ദുൾ അസീസ് | 9-11-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ, P.H.C | ഡോ. ജിഷ നഹർ മുസ്തഫ | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം. | ഡോ. ഗീത.വി | 1-4-2017 മുതൽ 1-1-2018 വരെ |
| | ഡോ. നഷീദ | 2-1-2018 മുതൽ 7-3-2018 വരെ |
| | ഡോ.ശ്രുതി.ഒ.ടി. | 8-3-2018 മുതൽ 31-3-2018 വരെ |
| I.C.D.S സൂപ്പർവൈസർ | ശ്രീമതി ഗിരിജപിള്ളക്കാട്ട് | 1-4-2017 മുതൽ 31-3-2018 വരെ |
| H.M. | ശ്രീ. അയ്യൂബ് | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ | ശ്രീ. റഷീദ്. | 1-4-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ പുരുഷോത്തമൻ. ആർ (ചാർജ്) | 1-4-2017 മുതൽ 29-10-2017 വരെ |
| | ശ്രീ മുതൽ വിനോദ്.പി | 30-10-2017മുതൽ 31-3-2018വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ രാജൻ. എൻ .കെ | 1-4-2017 മുതൽ 17-10-2017 വരെ |
| | ശ്രീ സി.ടി.ജോഷി | 18-10-2017 മുതൽ 1-2-2018 വരെ |
| | ശ്രീ ബെന്നി മാത്യൂ | 2-2-2018 മുതൽ 31-3-2018 വരെ |

**ഉള്ളടക്കം**

| ക്രമ | വിഷയം | ഖണ്ഡിക | പേജ് |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | നമ്പർ | നമ്പർ |
| **ഭാഗം I പൊതു അവലോകനം** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| **ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | | |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-1 | |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 | |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 | |
| 16 | വാടക ഈടാക്കിയിട്ടില്ല | 2-4 | |
| 17 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല | 2-5 | |
| 18 | അംഗനവാടികൾക്ക് ഫർണിച്ചർ - ടെണ്ടർ നിരക്കിനെക്കാൾ അധിക തുക നൽകിയത് മൂലം നഷ്ടം- 22677/- | 3-1 | |
| 19 | ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ- പദ്ധതി നിർവ്വഹണത്തിൽ നിരവധി അപാകതകൾ - | 3-2 | |
| 20 | ടെണ്ടറുകൾ കമ്മിറ്റി അംഗീകരിക്കുന്നതിലെ അപാകതകൾ - | 3-3 | |
| 21 | ചെലവു വിവരങ്ങൾ ലഭ്യമല്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു - | 3-4 | |
| 22 | ഭവന നിർമ്മാണം - സ്ഥലം കൈമാറ്റം ചെയ്തത് - നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-5 | |
| 23 | പ്രൊജക്ട് ഓഫീസർ കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 3-6 | |
| 24 | മൈലാടിക്കുന്ന് അങ്കണവാടി നിർമ്മാണം - പൊളിച്ച് അട്ടിവെച്ച മരം ഉപയോഗിച്ചിട്ടില്ല. | 3-7 | |
| 25 | നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം - ബില്ല് ടെണ്ടർ നിരക്കിൽ പരിമിതപ്പെടുത്തിയില്ല. | 3-8 | |
| 26 | പൊതുമരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം - പൊതുവായ ന്യൂനതകൾ | 3-9 | |
| 27 | ജീവിതശൈലിരോഗനിയന്ത്രണം-പദ്ധതി പൂർത്തിയായില്ല. | 3-10 | |
| 28 | മരുന്നുകൾ ലഭ്യമായില്ല | 3-11 | |
| 29 | വളാഞ്ചേരി പി.എച്ച്.സി.നവീകരണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ . | 3-12 | |
| 30 | നഗരസഭാ വാഹനത്തിന് പുതിയ വാഹന ഷെഡ്- 0.5mm കനമുള്ള ഷീറ്റിന് പകരം 0.35mm കനമുള്ള ഷീറ്റ് ഉപയോഗിച്ചു. | 3-13 | |
| 31 | ചെലവുകൾക്കാധാരമായ രേഖകൾ ലഭ്യമാക്കിയില്ല തുക തടസ്സം ചെയ്യുന്നു. | 3-14 | |
| 32 | നഗരസഭ ചെയർപേഴ്സന്റെ വാഹനം ലോഗ്ബുക്ക് പരിശോധന- അപാകതകൾ-സംബന്ധിച്ച് | 3-15 | |
| 33 | കുടിവെള്ള വിതരണം അപാകതകൾ | 3-16 | |
| 34 | പേ -റിവിഷൻ അരിയർ നൽകിയത് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-17 | |

| | | | |
|---|---|---|---|
| 35 | SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയത് -അപാകത | 3-18 | |
| 36 | SC വിദ്യാർത്ഥികൾക്ക് പഠന മുറി-രേഖകൾ ഹാജരാക്കിയില്ല | 3-19 | |
| 37 | കോൺഫറൻസ് ഹാൾ വാടക നൽകിയത് ആദായ നികുതി ഈടാക്കിയില്ല. | 3-20 | |
| 38 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ | 3-21 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 46 | ചാർജ് /സർചാർജ് | 4-8 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 49 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | 4-11 | |



## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 1, 28.03.2017 |
| 2017-18 ലെ പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 1, 28.03.2018 |

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-07-2018 | 28-7-2018 | - | -- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 1-9-18 മുതൽ 3-9-18 വരെ | കെ.എസ്.എ.എം.പി.എം.-20/2016/18 തീ: 10-10-18 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക

# പ്രകാരം)

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 3,05,75,297 |
| വരവ് | 11,26,41,807 |
| ആകെ | 14,32,17,104 |
| ചെലവ് | 10,35,21,575 |
| നീക്കിയിരിപ്പ് | 3,96,95,529 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

ഫണ്ട് വിനിയോഗം ( ACR പ്രകാരം)

| ഫണ്ടിനം | OB | വരവ് | ആകെ | ചെലവ് | CB (lapsed) | ചെലവ്% |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 2,43,09,000 | 24309000 | 1,81,19,046 | 61,89,954 | 75 |
| വികസന ഫണ്ട് എസ്.സി.പി | - | 71,44,000 | 7144000 | 60,48,819 | 10,95,181 | 85 |
| മെയിന്റനൻസ്, റോഡ് | - | 81,78,621 | 8178621 | 81,42,012 | 36,609 | 99.5 |
| മെയിന്റനൻസ്, നോൺ റോഡ് | - | 35,00,446 | 3500446 | 33,10,870 | 1,89,576 | 95 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 59,84,876 | 5984876 | 56,80,800 | 3,04,076 | 95 |
| കെ.എൽ.എസ്.ജി.ഡി.പി. | - | 19,00,758 | 1900758 | 18,80,880 | 19,878 | 99 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ് | - | 1,08,59,230 | 10859230 | 98,58,991 | 10,00,239 | 91 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | | 33,86,250 | 3386250 | 2,75,740 | 31,10,510 | 8 |
| ബി ഫണ്ട് | - | 3,98,43,260 | 3,98,43,260 | 3,98,43,260 | ---- | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 44 | 11,71,52,388 | 25 | 6,40,46,774 | ഇല്ല | 19 | 56 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | – | 33,86,250 | 33,86,250 | 2,31,003 | 31,10,510 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 44,737 | |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27833 | 23 |
| കർഷകതൊഴിലാളി വേതനം | 2162100 | 181 |
| വിധവാപെൻഷൻ | 13172000 | 1117 |
| വാർദ്ധക്യകാലപെൻഷൻ | 20027300 | 1590 |
| വികലാംഗപെൻഷൻ | 4078400 | 372 |
| വിവാഹ ധനസഹായം | 30000 | 5 |
| 50 വയസ്സിനു മുകളിൽ അവിവാഹിതർക്ക് ധന സഹായം | 428100 | 35 |

## 1-9 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-11-2018 തിയ്യതിയിൽ 10.30 AM ന് നടത്തി. ബാലൻസ് ഒന്നും ഇല്ലായെന്നു പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രൊജക്ട് ഓഫീസർ (UPAC) കാഷ്ബുക്ക്, മറ്റ് അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ വ്യക്തിഗത രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.തന്മൂലം ഓരോഗഡു കൈപ്പറ്റുന്നതിന് മുൻപ് വരെ എത്ര രൂപ ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ടെന്ന് പരിശോധിക്കുവാൻ സാധ്യമല്ല. അർഹമായതിലും അധികം തുക ഗുണഭോക്താവ് കൈപ്പറ്റുവാനുള്ള സാഹചര്യം ഇത് മൂലം സൃഷ്ടിക്കപ്പെടുന്നു. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ കെട്ടിട നികുതി പരിഷ്കരണം നാളിതുവരെ പൂർത്തീകരിക്കപ്പെട്ടില്ല.തന്മൂലം ഈയിനത്തിൽ ലഭിക്കേണ്ടുന്ന തുക യഥാസമയം നഗരസഭയ്ക്കു ലഭിക്കുന്നില്ല.കെട്ടിട വാടകയും യഥാസമയം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടന്നിട്ടില്ല | - | - |
| എ.ജി ഓഡിറ്റ് | 17-7-2017 | 2016-17 | 14-9-2017 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കരാർ രജിസ്റ്റർ പ്രകാരം, 2017-18 വർഷത്തിൽ നഗര സഭയിൽ വിവിധ കരാർ ജോലികൾ ഏറ്റെടുത്ത താഴെ സൂചിപ്പിക്കുന്ന കരാറുകാരിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 3(2) മുതൽ (11)വരെയുള്ളത് പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരുടെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 1. | പി.പി.ബഷീർ, കരിപ്പോൾ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 2. | പി.മുസ്തഫ, തൊഴുവാനൂർ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 3. | കെ.അബ്ദുൾമജീദ്, തൊഴുവാനൂർ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 4. | കെ.മഷൂദ്, വളാഞ്ചേരി | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 5. | കെ.ഷമീർ, വളാഞ്ചേരി | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 6. | പി.ഷംസുദ്ധീൻ, വളാഞ്ചേരി | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 7. | കെ.അലവിക്കുട്ടി, ആതനവാട് | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 8. | സദാനന്ദൻ, , തൊഴുവാനൂർ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 9. | ടി.ഷഹിയാദ്., വളാഞ്ചേരി | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 10. | കെ.ഹുസൈൻ, ആതനവാട് | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 11. | എം.ഹസ്സൻ, എടയൂർ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 12. | എം.നൗഷാദ്, വലിയകുന്ന് | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 13. | പി.പി.ഹംസ, എടയൂർ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 14. | പി.സൈതലവി. കുറുമ്പത്തൂർ | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 15. | എം. മുഹമ്മദ്, വലിയകുന്ന് | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 16. | ഒ.സി,ബഷീർ, ആതനവാട് | 2017-18 ഒന്നും രണ്ടും | 1250 x2 = 2500 |
| 17. | ടി.കെ. അബ്ദുൾ ഖാദർ, | 2017-18 | 1250 x2 = 2500 |

| | | | |
|---|---|---|---|
| | വളാഞ്ചേരി | ഒന്നംരണ്ടും | |
| 18. | ടി.കെ. മുസ്തഫ, ആതനവാട് | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 19. | എം.വി.ഷരീഫ്, ആതനവാട് | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 20. | ടി.കെ.ആബിദലി, വളാഞ്ചേരി | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 21. | എ.നൗഷാദ്, മാറാക്കര | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 22. | ജാബിർ,മാറാക്കര | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 23. | എം.വി.അവറാൻ കുട്ടി, ആതനവാട് | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 24. | ടി.ഹസ്സൻകോയ, ആതനവാട് | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 25. | എം.കെ.നിദിൽ, കാടാമ്പുഴ | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 26. | ടി.എം.മൊയ്തീൻകുട്ടി , തൊഴവാന്നൂർ | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 27. | അബ്ദുൾ ലമദ് സമദാനി, അനന്താവൂർ | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 28. | മുഹമ്മദ് യൂനസ്. ഇരിമ്പിളിയം | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 29. | മുഹമ്മദ് ബഷീർ, പുത്തനത്താണി | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 30. | കെ.ഷറഫുദ്ധീൻ, എടയൂർ | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 31. | മുഹമ്മദ് അജ്നാസ്, എടയൂർ | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 32. | കുഞ്ഞമ്മദ്, പരപ്പനങ്ങാടി | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| 33. | സുബ്രമണ്യൻ, കുളമംഗലം | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| | **ആകെ** | | **82500** |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9/21.11 .2018) മറുപടി നൽകിയിട്ടില്ല.കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിന്റെ കൂടെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാക്കി തിട്ടപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ നഗരസഭയിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ(തൊഴിൽ നികുതി) 3(2) മുതൽ (11)വരെയുള്ളത് പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരുടെ പേര് | ഉടമസ്ഥൻ | അർദ്ധ വർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|---|
| 1 | പെട്രോൾ പമ്പ് | എം.കെ. രാമകൃഷ്ണൻ | 2017-18 ഒന്നംരണ്ടും | 1250 x2 = 2500 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | കെ.ടീസ് പെട്രോളിയം | | 2017-18 ഒന്നാംരണ്ടും | 1250 x2 = 2500 |
| 3 | പെട്രോൾ പമ്പ് | ഷക്കീല അഹമ്മദ്, കുന്നത്തൊടി | 2017-18 ഒന്നാംരണ്ടും | 1250 x2 = 2500 |
| 4 | പെട്രോൾ പമ്പ് | ഗോപാല കൃഷ്ണൻ | 2017-18 ഒന്നാംരണ്ടും | 1250 x2 = 2500 |
| | **ആകെ** | | | **10,000** |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9/21.11 .2018) മറുപടി നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം റെക്ടിഫിക്കേഷൻ റിപ്പോർട്ടിനൊപ്പം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാക്കി ചുമത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | സബ് പോസ്റ്റ് ഓഫീസ്, തൊഴുവാനന്നൂർ | 1 |
| 2. | എസ്.സി ഡവലപ്മെന്റ് ഓഫീസ്, | 1 |
| 3. | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, കാർത്തല | 2 |
| 4. | ഹയാത്ത് ഗോൾഡ് & ഡയമണ്ട്സ് | 1 |
| 5. | ജി.യു.പി.എസ് പൈങ്കണ്ണൂർ | 2 |
| 6. | ജി.എൽ.പി.എസ് കാട്ടിപ്പരുത്തി | 2 |
| 7. | എസ്.ബി.ടി, വളാഞ്ചേരി | 2 |
| 8. | മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 2 |
| 9. | ലൈഫ് നഴ്സിങ് | 2 |
| 10. | പോപ്പുലർ മൂവീസ് | 2 |
| 11. | കെടീസ് പെട്രോളിയം | 2 |
| 12. | മാവേലി സ്റ്റോർ, വളാഞ്ചേരി | 1 |
| 13. | യോഗ ക്ഷേമം ലോൺസ് | 1&2 |
| 14. | കേരള റോഡ് വേയ്സ് | 2 |
| 15. | നെക്സ്റ്റ് റീടൈൽ ഇന്ത്യ ലി. | 1&2 |
| 16. | അൽ അമീൻ ഹജ്ജ് ഗ്രൂപ്പ് | 1&2 |
| 17. | അൽ റഹ്മ ഹജ്ജ് ഗ്രൂപ്പ് | 1&2 |
| 18. | ഇന്ത്യ ഇൻഫോ ലൈൻ ഫിനാൻസ് | 1&2 |
| 19. | ഇൻഡസ് മാർക്കറ്റിങ് | 2 |
| 20. | കൊശമറ്റം ഫിനാൻസ് | 2 |
| 21. | മഹാത്മ കോളേജ്, വളാഞ്ചേരി | 2 |
| 22. | ഖത്തർ ഗോൾഡ് സൂക്ക് | 1&2 |

| | | |
|---|---|---|
| 23. | ബനാറസ്, വളാഞ്ചേരി | 2 |
| 24. | എൻ.ജി.ഡി. ഗോൾഡ് & ഡയമണ്ട്സ് | 2 |
| 25. | നിറ്റുകാട്ടിൽ ഗോൾഡ് പാർക്ക് | 1&2 |
| 26. | മുകുന്ദൻ &മുകുന്ദൻ അസോസിയേറ്റ്സ് | 2 |
| 27. | അൽ അമീൻ ഡെന്റൽ ക്ലിനിക് | 2 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21.11.18) മറുപടി ലഭ്യമായിട്ടില്ല.ജീവനക്കാരിൽ നിന്നും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 വാടക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പ്രകാരം , നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ റൂമുകൾ ലേലത്തിലെടുത്ത ചുവടെ ചേർത്തിരിക്കുന്ന ലൈസൻസികളിൽ നിന്നും 2017-18 ൽ കൃത്യമായി വാടക ഈടാക്കിയിട്ടില്ല .

| ലൈസൻസി | കുടിശ്ശിക കാലയളവ് | മാസ വാടക | മുറി നമ്പർ | ആകെ കുടിശ്ശിക |
|---|---|---|---|---|
| കെ.പി. മുഹമ്മദ് കാരപ്പറമ്പിൽ | 2017സെപ്റ്റംബർ മുതൽ 2018 മാർച്ച് വരെ) | 10862+1955= 12817 | G-18 | 89719 |
| വി.പി. അയ്യപ്പൻ, വാരിയത്ത്പടി | 2018 മാർച്ച് | 3829+689= 4518 | G-35 | 4518 |
| വി.പി. അയ്യപ്പൻ, വാരിയത്ത്പടി | 2018 മാർച്ച് | 3665+660= 4325 | G-24 | 4325 |
| അബൂബക്കർ വട്ടപ്പറമ്പിൽ | 2017ഡിസംബർ മുതൽ 2018 മാർച്ച് വരെ) | 5783+1041= 6824 | F-4 | 34120 |
| ജയരാജൻ | 2018ഫെബ്രുവരി മുതൽ 2018 മാർച്ച് വരെ) | 670+121= 791 | s-10 | 1582 |
| കമറുദ്ധീൻ പാറക്കൽ | 2017ഒക്ടോബർ മുതൽ 2018 മാർച്ച് വരെ) | 1494+ 268 = 1762 | KVPM-4 | 10572 |
| **ആകെ** | | | | **144836** |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12/ 21.11 .2018) മറുപടി നൽകിയിട്ടില്ല.വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിനൊപ്പം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാക്കി ചുമത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 2-5 വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ (എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. എന്നാൽ 01/11/2015 ന് നഗരസഭ നിലവിൽ

വന്നെങ്കിലും, ഓഡിറ്റ് വർഷത്തിലും വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-15/21-11-18) രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ,14.12.17 ലെ 4(1) നം. തീരുമാന പ്രകാരം മുനിസിപ്പൽ നിരക്കിനനുസൃതമായി വസ്തുനികുതി പരിഷ്കരിക്കാൻ കൗൺസിൽ തീരുമാനിച്ചതായും 1.11.2015 ൽ നഗരസഭനിലവിൽ വരുമ്പോൾ വസ്തു നികുതി ഡിമാന്റുകളുടെ ആകെ എണ്ണം 12491 ആയിരുന്നെന്നും ആ സമയത്തെ ആകെ വസ്തു നികുതി കുടിശ്ശിക 21,02,405 രൂപയാണെന്നും, നഗരസഭ നിലവിൽ വന്നതിനു ശേഷം പുതുതായി പുറപ്പെടുവിച്ച വസ്തു നികുതി ഡിമാൻറുകളുടെ ആകെ എണ്ണം (ന്യൂ അസസ്സ്മെന്റുകളിന്മേൽ നൽകിയ ഡിമാന്റ് നോട്ടീസുകൾ) 2189 ആണെന്നും, പുതുതായി അസസ്സ് ചെയ്യപ്പട്ട വസ്തുക്കളുടെ ഉടമസ്ഥരിൽ നിന്നും നഗരസഭാ നിരക്കിൽ വസ്തു നികുതി ഈടാക്കി വരുന്നതായും, വസ്തു നികുതി ഡിമാന്റുകളിൽ ഫോറം നമ്പർ 2 ലഭ്യമാക്കിയതായും, 21 വാർഡുകളിൽ ഫോറം 6 തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായും, നികുതി പരിഷ്കരണ നടപടികളിൽ അഭിമുഖീകരിക്കുന്ന സാങ്കേതിക തടസം പരിഹരിക്കാൻ ,അതാതു സമയം ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നതായും, നികുതി പരിഷ്കരണ നടപടികൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ റിവ്യൂ ചെയ്യുന്നതായും ഓഡിറ്റിനെ അറിയിച്ചു.

ഓഡിറ്റ വർഷത്തിൽ വസ്തു നികുതി ഇനത്തിൽ 1,20,35,662 രൂപ ഡിമാൻഡ് ചെയ്തതിൽ കളക്ഷൻ 1,04,33,569 ആണെന്നും 16,02,093 രൂപ കുടിശ്ശിക ഉള്ളതായും നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ 11 എണ്ണത്തിൽ 9 എണ്ണത്തിൽ നിന്നും വസ്തു നികുതി പിരിച്ചതായും ശേഷിക്കുന്ന 2 ടവറുകളുടെ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചതായും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്ക്കരണ നടപടികൾ ഊർജിതപ്പെടുത്തി മുഴവൻ നികുതിയും പിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്. ഇക്കാര്യത്തിലെ അലംഭാവം ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതും കാലഹരണപ്പെടുന്നത് മൂലമോ മറ്റോ നികുതി ഈടാക്കുന്നതിൽ അപാകത സംഭവിക്കുന്ന പക്ഷം നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗനവാടികൾക്ക് ഫർണിച്ചർ - ടെണ്ടർ നിരക്കിനെക്കാൾ അധിക തുക നൽകിയത് മൂലം നഷ്ടം- 22677/-

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അംഗനവാടികൾക്ക് ഫർണിച്ചർ എന്ന പ്രൊജക്റ്റ് പ്രകാരം ( പ്രൊജക്റ്റ് നം.188/18 ) അലമാര, മേശ, കസേര തുടങ്ങിയവ വാങ്ങുന്നതിനായി 1,48,661/-രൂപ ബിൽ നം.6/2017-18, തീയതി.27-03-2018 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ആകെ രണ്ടു ക്വട്ടേഷനുകൾ ലഭിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 14-12-2017ലെ 2-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു.എന്നാൽ ടി സ്ഥാപനം ബിൽ സമർപ്പിച്ചപ്പോൾ സ്ഥാപനം ടെണ്ടർ ഷെഡ്യൂളിൽ ക്വോട്ട് ചെയ്തിരുന്ന നിരക്ക് കൂടാതെ 18%നികുതിയും കൂടി ചേർത്തുള്ള തുകയുടെ ബിൽ നൽകുകയും അതനുസരിച്ചുള്ള തുക അധികമായി നൽകുകയും ചെയ്തു.സ്ഥാപനം നഗരസഭാ സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലൊന്നും തന്നെ ക്വോട്ട് ചെയ്ത നിരക്ക്, നികുതി ഉൾപ്പെടാതെയുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം ചുവടെ ചേർക്കും പ്രകാരം അധികം തുക ചെലവഴിക്കപ്പെടുകയുണ്ടായി.

| ക്രമ നം. | ഇനം | വാങ്ങിയ എണ്ണം | ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക്/1ന്. | അനുവദനീയമായ തുക | 18%GST ഉൾപ്പെടെ നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1. | സ്റ്റീൽഅലമാര | 7 | 7242 | 50694 | 59819 | 9125 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2. | സ്റ്റീൽ മേശ | 5 | 3242 | 16210 | 19130 | 2918 |
| 3. | പ്ലാസ്റ്റിക്ചെയർ (എസ്ക്വയർ) | 140 | 422 | 59080 | 69714 | 10634 |
| | | | | | ആകെ | 22677 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13-ാം നമ്പർ എൻക്വയറിക്ക് "നികുതി നിരക്ക് ഉൾപ്പെടാതെയാണ് കരാർ വെച്ചിട്ടുള്ളതെന്നും, അശ്രദ്ധമൂലം സംഭവിച്ച പിഴവാണെന്നും അധികം നൽകിയ തുക കമ്പനിയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ആയതിനു ഒരു മാസത്തെ സാവകാശം അനുവദിക്കണമെന്നും " മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം തുക തിരികെ ഒടുക്കിയിട്ടില്ലാത്തതിനാൽ/നൽകിയ തുകയായ22677/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ- പദ്ധതി നിർവ്വഹണത്തിൽ നിരവധി അപാകതകൾ -

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ എന്ന പദ്ധതി പ്രകാരം ഭിന്ന ശേഷിക്കാർക്ക് വിവിധയിനം ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തയിനത്തിൽ 300000/-രൂപ ബിൽ നം.5/2017-18, തീയതി.22-03-2018 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 30-01-2018ൽ ക്യാംപ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 30പേരുടെ ഒരു ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ ലിസ്റ്റിൽ നഗരസഭാ അധികൃതരോ, ക്യാംപ് നടത്തിയ മെഡിക്കൽ ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ക്യാംപിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് ഇല്ല. 30/01/2018 ൽ നടത്തിയതായി കാണുന്ന ക്യാമ്പ് എവിടെ വെച്ചാണ് നടത്തിയത് എന്ന് വ്യക്തമല്ല. പങ്കെടുത്ത ഗുണഭോക്താക്കളെ ക്യാംപിൽ രജിസ്റ്റർ ചെയ്തതു സംബന്ധിച്ച രേഖകൾ ഇല്ല.

3.ഫയലിൽ യാതൊരു ആധികാരികതയും ഇല്ലാതെ സൂക്ഷിച്ചിട്ടുള്ള മുപ്പത് പേരടങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏഴ് ഗുണഭോക്താക്കൾ ENT വിഭാഗത്തിൽപ്പെടുന്ന ശാരീരിക അവശതയുള്ളവരാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് .വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ വെച്ച് 30-01-2018ൽ നടത്തിയ ക്യംപിൽ രോഗികളെ പരിശോധിച്ച ഡോ.മിജേഷ്.കെ.വി യുടെ പ്രൊഫഷണൽ ബിരുദം MBBS,D'Ortho, രജിസ്റ്റർ നം.28643 എന്നാണ്. ഇതിൽ നിന്നും ഇദ്ദേഹം അസ്ഥി രോഗങ്ങളിൽ പ്രാവീണ്യം നേടിയ ഡോക്ടർ ആണെന്ന് വ്യക്തമാണ്. അസ്ഥി രോഗ വിദഗ്ധൻ നടത്തിയ പരിശോധനയിലൂടെ എപ്രകാരമാണ് ശ്രുവണശേഷി കുറഞ്ഞ ഗുണഭോക്താക്കളുടെ വൈകല്യം തിട്ടപ്പെടുത്തിയതെന്ന് വ്യക്തമല്ല.ഇവർക്കായി ഏഴ് ശ്രുവണ സഹായികൾ ഒന്നിന് 11900/- രൂപ നിരക്കിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്(ആകെ -83300/-)

4.ക്യാംപ് നടത്തിയ ഡോക്ടറുടെ ഔദ്യോഗിക സീൽ പ്രകാരം ടിയാൻ തൊടുപുഴ ജില്ലാ ആശുപത്രിയിലെ സർജനാണ്. ടിയാനെ ക്യാംപ് നടത്തുന്നതിന് എപ്രകാരം തെരഞ്ഞെടുത്തുവെന്നതിനോ, ക്യാംപ് നടത്തുന്നതിനായി ക്ഷണിച്ചതിനോ യാതൊരു രേഖകളുമില്ല. മാത്രവുമല്ല, തൊട്ടടുത്ത് തിരൂർ ജില്ലാ ആശുപത്രിയുള്ളപ്പോൾ അവിടെയുള്ള ഡോക്ടർമാരെ പങ്കെടുപ്പിക്കാതെ തൊടുപുഴ ജില്ലാ ആശുപത്രയിലെ ഡോക്ടറെ വെച്ച് ക്യാംപ് സംഘടിപ്പിച്ചതിന്റെ സാംഗത്യവും വ്യക്തമല്ല.

5.കെൽട്രോണിന്റെ ബിൽ പ്രകാരം 20ഇനങ്ങളിലായി 52 ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട്, 26ഗുണഭോക്താക്കളുടെ പേരും വിലാസവും ഒപ്പം ഒരു വെള്ള പേപ്പറിൽ രേഖപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവർ ഏതു തരം ഉപകരണങ്ങളാണ് കൈപ്പറ്റിയതെന്ന് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, നഗരഭരണ സ്ഥാപനങ്ങൾക്ക് 2017-18 വർഷം

അനുവദിക്കാവുന്ന സബ്സിഡി മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി 03-04-2017ൽ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) 79/2017 ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 10.3.3പ്രകാരം മെഡിക്കൽ ഓഫീസർമാർ മുഖേന വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്തേണ്ടതാണെങ്കിലും അപ്രകാരം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

6.പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.സി.ഡി.എസ്സ് സൂപ്പർവൈസറെ മാറ്റി നിയമിക്കണമെന്നാവശ്യപ്പെട്ട് നഗരസഭയിൽ നിന്നും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളത് 08/03/2018 ലാണ്. എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 30/01/2018 ൽ തന്നെ ക്യാംപ് നടത്തിയതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നു. മാത്രവുമല്ല, ഉപകരണങ്ങൾ വാങ്ങുന്നതിനായി കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത് 05/03/2018 ലാണ്. കെൽട്രോണിൽ നിന്നും 07/03/2018 ൽ തന്നെ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ലും ഹാജരാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം കെൽട്രോണുമായി കരാർ വെച്ചിരിക്കുന്നത് പോലും ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന് ശേഷം 08/03/2018 ൽ മാത്രമാണ്.

7.ഐ.സി.ഡി.എസ്സ് സൂപ്പർവൈസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി മാറ്റി നിയമിക്കണമെന്നാവശ്യപ്പെട്ട് 08/03/2018 ൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.സി.ഡി.എസ്സ് സൂപ്പർവൈസറെ മാറ്റി നിയമിച്ചുകൊണ്ട് അനുമതി ലഭിച്ചതിന്റെ രേഖകളും ഇല്ല.

8. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതായി മിനിട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണവും, നിർവ്വഹണം സാധൂകരിക്കുന്ന മേൽ രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് 14-ാം നമ്പരായി ഐ.സി.ഡി.എസ്സ് സൂപ്പർവൈസർക്കും , 23-ാം നമ്പരായി സെക്രട്ടറിക്കും ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു. 14-ാംനമ്പർ എൻക്വയറിക്ക് ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ സമർപ്പിച്ച മറുപടിയിൽ "പദ്ധതി പ്രകാരം ക്യാംപ് നടത്തുന്നതിന് ഡോക്ടർമാരെ തീരുമാനിക്കൽ , ക്യാംപ് നടത്തുന്ന തീയതി, സ്ഥലം എന്നിവ നിശ്ചയിക്കൽ, പങ്കെടുത്തവരുടെ രജിസ്ട്രേഷൻ , ഡോക്ടർമാർക്ക് പ്രതിഫലം നൽകൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം മുൻപെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്കാണെന്നും, 05/03/2018 ൽ കെൽട്രോണിന് നൽകിയിട്ടുള്ള പർച്ചേസ് ഓർഡറിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്ന് എഴുതി ഒപ്പിട്ടിരിക്കുന്നത് താനല്ലെന്നും, കെൽട്രോണിന്റെ 07/03/2018 ലെ ബില്ലിന്റെ അടിസ്ഥാനത്തിൽ ബിൽ തുക മാറി കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നുമാണ് " രേഖപ്പെടുത്തിയിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ്സ് സൂപ്പർവൈസറെ 08/03/2018 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച തീരുമാനം എടുക്കുന്നതുവരെ , പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും നഗരസഭയിൽ നിന്നുമാണ് സ്വീകരിച്ചിട്ടുള്ളതെന്നും, നിർവ്വഹണ ഉദ്യോഗസ്ഥന് പദ്ധതി നടത്തിപ്പിൽ യാതൊരു റോളും ഉണ്ടായിരുന്നില്ലായെന്നും ഇതിൽ നിന്നും വ്യക്തമാണ്.

ആയതിനാൽ ഈ പദ്ധതി നിർവ്വഹണത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. ചെലവഴിച്ച 300000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-3 ടെണ്ടറുകൾ കമ്മിറ്റി അംഗീകരിക്കുന്നതിലെ അപാകതകൾ

2017-18 വർഷം ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ, ഹെഡ് മാസ്റ്റർ തുടങ്ങിയവർ നിർവ്വഹണ ഉദ്യോഗസ്ഥരായി അംഗനവാടികളിലേക്കും വിവിധ സ്കൂളുകളിലേക്കും നിരവധി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.എന്നാൽ ഇതുമായി ബന്ധപ്പെട്ട ടെണ്ടർ ഫയൽ , ജനറൽ കമ്മിറ്റി മിനിട്ട്സ് തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

<u>1.അംഗീകരിക്കുന്ന ടെണ്ടറുകളുടെ വിവരങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല-</u>

വിവിധ വാങ്ങലുകൾക്കായി ലഭിക്കുന്ന ടെണ്ടറുകളുടെ വിവരങ്ങൾ യഥാവിധി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് എച്ച്.എം.പൈങ്കണ്ണൂർ നടപ്പിലാക്കിയ ഗവ.സ്കൂളുകൾക്ക് സൗണ്ട് സിസ്റ്റം , (198/18), ഗവ.സ്കൂളുകൾക്ക് ലാപ്പ്ടോപ്പ്(203/18) എന്നിവയുടെ ടെണ്ടറുകൾ യഥാക്രമം 28-02-18 ലെ 2-ാം നമ്പർ തീരുമാനം, 14-12-17ലെ 2-ാം നമ്പർ തീരുമാനം എന്നിവ പ്രകാരവും , ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ

നടപ്പിലാക്കിയ അംഗനവാടികൾക്ക് വാട്ടർ ടാങ്ക്(231/18), അംഗനവാടികൾക്ക് ഫർണിച്ചർ (188/18)എന്നിവയുടെ ടെണ്ടറുകൾ യഥാക്രമം 28-02-18 ലെ 2-ാം നമ്പർ തീരുമാനം, 14-12-17ലെ 2-ാം നമ്പർ തീരുമാനം എന്നിവ പ്രകാരവും അംഗീകരിച്ചതായാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മിനിട്ട്സ് പരിശോധിച്ചതിൽ ഏത് പ്രൊജക്ടിനുള്ള ടെണ്ടർ, ഏത് സ്ഥാപനത്തിന്റെ ടെണ്ടർ, അംഗീകരിച്ച നിരക്ക് എത്ര? തുടങ്ങിയ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ " ടെണ്ടർ അംഗീകരിച്ചു " എന്ന ഒരു വരി മാത്രം രേഖപ്പെടുത്തി തീരുമാനം അവസാനിപ്പിച്ചിരിക്കുകയാണ്. തന്മൂലം കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരാത്ത ടെണ്ടറുകൾ വരെ അംഗീകരിച്ചതായി വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുണ്ട്.

2. താരതമ്യ പത്രിക തയ്യാറാക്കുന്നില്ല -

വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ടെണ്ടറുകൾ താരതമ്യ പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3.പർച്ചേസിംഗ് കമ്മിറ്റികളുടെ ഇടപെടൽ ഉറപ്പാക്കുന്ന രേഖകളില്ല -

വാങ്ങൽ നടത്തുന്നതിനായി പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ചതിന്റെയോ വാങ്ങിയ വിവിധ ഉപകരണങ്ങളുടെ ഗുണ നിലവാരം കമ്മിറ്റികൾ ഉറപ്പാക്കിയതായോ കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും വാങ്ങലുകളിൽ സുതാര്യത പുലർത്തേണ്ടതുമാണ്.

# 3-4 ചെലവു വിവരങ്ങൾ ലഭ്യമല്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു -

പ്രൊജക്ട് ഓഫീസർ(നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോസ്ഥനായി 2017-18ൽ നടപ്പിലാക്കിയ PMAY പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി തൻ വർഷത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ ഏതെല്ലാം ഗുണഭോക്താക്കൾക്ക് എത്ര വീതം നൽകി എന്നതിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ബിൽ നമ്പർ/തീയതി | തുക | പ്രൊജക്ട് | പ്രൊജക്ട് നമ്പർ |
|---|---|---|---|
| 1/14-9-17 | 11,50,000 | PMAY(SC) | 253/18 |
| 2/14-9-17 | 6,97,480 | PMAY(GI) | 266/18 |

മേൽ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 18,47,480 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - 12/22-11-18ക്ക് മറുപടി ലഭ്യമാക്കിയില്ല)

# 3-5 ഭവന നിർമ്മാണം - സ്ഥലം കൈമാറ്റം ചെയ്തത് - നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

വളാഞ്ചേരി നഗരസഭ ഗ്രാമ പഞ്ചായത്ത് ആയിരുന്ന സമയത്ത് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ശ്രീമതി രജനി, W/o സതീഷ് ബാബു, കുരുവമ്പലത്ത് ഹൗസ്, കാവുംപുറം, തൊഴുവാനൂർ എന്ന ഗുണഭോക്താവിന് 2011-12 വർഷത്തിൽ 22,500 രൂപ അനുവദിച്ചതായും എന്നാൽ പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ തന്നെ ലൈഫ് പദ്ധതിയിൽ നിന്ന് ഒഴിവാക്കി നൽകണമെന്ന് ടിയാരി അപേക്ഷിച്ചിട്ടുള്ളതായും നഗരസഭയിലെ H4-4620/18 നമ്പർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടിയാരിയെ ലൈഫ് പദ്ധതിയിൽ നിന്ന് ഒഴിവാക്കാനും മുമ്പ് നൽകിയ തുക (22,500 രൂപ) പലിശ സഹിതം ഈടാക്കാനും 26-4-18ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നു (തീരുമാനം നമ്പർ : 14). ആയതിൻമേൽ നഗരസഭ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/23-11-18 ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-6 പ്രൊജക്ട് ഓഫീസർ കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ വിവിധ പ്രൊജക്ടുകളിലായി 86,43,480രൂപ ചെലവഴിച്ചിട്ടുണ്ട്(പ്ളാൻ ഫണ്ട്:52,18,480,തനത്ഫണ്ട്: 34,25,000)(പ്രൊജക്ടുകൾ:PMAY(Gl ,SC),Life(Gl. SC),ഭവന റിപ്പയർ). ആയതിൽ PMAYഇനത്തിൽ ചെലവഴിച്ച 44,78,480 രൂപയിൽ 26,31,000രൂപയുടെ ചെവുകൾ മാത്രമാണ് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റു പ്രൊജക്ടുകളിലായി ചെലവഴിച്ച 60,12,480 രൂപയുടെ വരവു ചെലവുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

നിലവിൽ PMAY പദ്ധതിയിലെ വരവ് - ചെലവ് വിവരങ്ങൾ മാത്രമാണ് കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത്. ട്രഷറിയിൽ നിന്നും തനത് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവയും പൂർണ്ണമല്ല. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ, നൽകുന്ന തുകകൾ എന്നിവ രേഖപ്പെടുത്തുന്നില്ല. ഭവന റിപ്പയർ, ഭവന നിർമ്മാണം പോലുള്ള പദ്ധതികളിൽ മുൻ വർഷങ്ങളിൽ വിവിധ ഗുണഭോക്താക്കൾക്ക് നൽകിയ തുകകൾ സംബന്ധിച്ച വിവരങ്ങൾ അതാത് വർഷങ്ങളിലെ വൗച്ചറുകൾക്ക് പുറമേ മറ്റെവിടെയും രേഖപ്പെടുത്തി വെക്കാത്തതിനാൽ ഓരോരുത്തർക്കും നാളിതുവരെയായി വിവിധ പ്രൊജക്ടുകൾ പ്രകാരം നൽകിയ ആകെ തുകയുടെ വിവരങ്ങൾ നിലവിൽ നഗരസഭയിൽ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഓരോ ഗുണഭോക്താക്കൾക്കും അധികത്തുകകൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്താനാവാത്ത അവസ്ഥയാണ് നിലവിലുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ചെലവഴിക്കുന്ന ഓരോ തുകയുടെയും വരവ് - ചെലവുകൾ രേഖപ്പെടുത്തി കാഷ്ബുക്ക് തയ്യാറാക്കുകയും ഓരോ ഗുണഭോക്താക്കൾക്കും നൽകുന്ന തുകകളുടെ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടത് പ്രൊജക്ട് നിർവ്വഹണത്തിലെ സുതാര്യതക്ക് അത്യന്താപേക്ഷിതമാണ്. കൂടാതെ ഏതൊരു സ്ഥാപനത്തെയും സംബന്ധിച്ച വളരെ പ്രധാനപ്പെട്ട രേഖയാണ് കാഷ്ബുക്ക്. നിർവ്വഹണ ഉദ്യോഗസ്ഥന് ത.സ്വ.ഭ.വ.സ്ഥാപനത്തിൽ നിന്നും വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ലഭിക്കുന്ന ഏത് തുകകളും (പ്ളാൻ , തനത് ഫണ്ട് മുതലായവ) ടി കാഷ് ബുക്കിൽരേഖപ്പെടുത്തേണ്ടതാണ്. ആയതിനാൽ 2017-18 വർഷത്തിൽ പ്രൊജക്ട് ഓഫീസർക്ക് (നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ) വളാഞ്ചേരി നഗരസഭയിൽ നിന്നും നിർവ്വഹണത്തിനായി ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തി ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. കൂടാതെ, ഭവന നിർമ്മാണം, ഭവന റിപ്പയർ പോലുള്ള പ്രൊജക്ടുകളിൽ ഓരോ ഗുണഭോക്താക്കൾക്കും നൽകുന്ന തുകകൾ ഒരു വ്യക്തിഗത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# 3-7 മൈലാടിക്കുന്ന് അങ്കണവാടി നിർമ്മാണം - പൊളിച്ച് അട്ടിവെച്ച മരം ഉപയോഗിച്ചിട്ടില്ല

പ്രൊജക്ട് നം : 87/18

അടങ്കൽ : 4.5 ലക്ഷം

കരാർ നം : 69/16-17/ തീയ്യതി.25.02.17

ചെലവ് : 423657 രൂപ; ട്രഷറി ബിൽ നമ്പർ 30/11.10.17

ഈ പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവൃത്തികളിലെ രണ്ടാമത്തെ ഇനം അങ്കണവാടിയുടെ മേൽക്കൂരയുടെ മരം കൊണ്ടുള്ള ട്രസ്സ്, റാഫ്റ്റർ, പർലിൻ എന്നിവ പൊളിച്ച് മാറ്റി അട്ടിവെക്കലാണ് (DSR2016-17.15.14.1). അളവ് ബുക്ക് നമ്പർ 30/17-18 അനുസരിച്ച് ഈ പ്രവൃത്തി 1.42എം3 നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ മരം പിന്നീട് ഉപയോഗിക്കുകയോ, പൊതുലേലം മുഖേന വിറ്റഴിക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം. 19/22.11.2018 മുഖേനെ ആവശ്യപ്പെട്ടിരുന്നു. ഇതിന് AE/LSGD/VM/81/18-19 തീയ്യതി.23.11.18 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

# 3-8 നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം - ബില്ല് ടെണ്ടർ നിരക്കിൽ പരിമിതപ്പെടുത്തിയില്ല.

പ്രൊജക്റ്റ് നം : 290/18

അടങ്കൽ : 1514020/-പ്ലാൻഫണ്ട്.

കരാർ നം : 94/17-18 തീയ്യതി.01.03.18

ചെലവ് :1498372 രൂ. ട്രഷറി ബിൽ നമ്പർ 290/28.03.18

ഈ പ്രൊജക്റ്റ് ഈ ടെണ്ടർ ചെയ്തതിൽ , 1496868.47 രൂപ നിരക്ക് സമർപ്പിച്ച ടി.ഷഹരിയാദ് എന്ന കരാറുകാരനെയാണ് മേൽപ്പറഞ്ഞ കരാറിന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റിന്റെ നിർവ്വഹണം ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ അളവ് പുസ്തകം നമ്പർ.173/17-18 പേജ് 47 അനുസരിച്ച് കരാറുകാരൻ നിർവ്വഹിച്ച പ്രവൃത്തികളുടെ മൂല്യം 1498372.00 എന്ന് കണക്കാക്കി മേൽ ബില്ല് പ്രകാരം തുക നൽകിയിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച നിരക്കിൽ പരിമിതപ്പെടുത്താതെ ഇപ്രകാരം തുക നൽകിയിതിനാൽ കരാറുകാരന് 1498372- 1496868.47=1503.53 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. ഈ അപാകത ഓഡിറ്റ് എൻക്വയറി നം. 20/22.11.2018 പ്രകാരം ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് അധികം നൽകിയ 1504.00 രൂപ തിരിച്ചടക്കുന്നതാണെന്ന്AE/LSGD/VM/82/18-19 തീയ്യതി.23.11.18 പ്രകാരം മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പക്ഷെ തുക അടവാക്കിയിട്ടില്ല. ആയതിനാൽ 1504.00 രൂപ ബില്ല് തയ്യാറാക്കിയ എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

# 3-9 പൊതുമരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം - പൊതുവായ ന്യൂനതകൾ

പൊതുമരാമത്ത് പ്രൊജക്റ്റുകളുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1. <u>പ്രൊജക്റ്റ് പൂർത്തീകരണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല.</u>

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ 189 പ്രൊജക്റ്റുകളായിരുന്നു അസി. എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി അംഗീകാരം ലഭിച്ചിരുന്നത്. പ്രസ്തുത പ്രൊജക്റ്റുകളിൽ 139 എണ്ണം, 73.54 %, മാത്രമാണ് തൻ വർഷം നിർവ്വഹിച്ചിട്ടുള്ളത് . പ്രൊജക്റ്റുകൾക്ക് ആകെ വകയിരുത്തിയിരുന്ന 4,96,68,178 രൂപയിൽ 3,08,16,774 രൂപ, 62.04%, മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. തൻവർഷം നടപ്പാക്കിയ പ്രൊജക്റ്റുകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | പുതിയ പ്രൊജക്റ്റുകൾ | ശതമാനം | സ്പിൽഓവർ പ്രൊജക്റ്റുകൾ | ശതമാനം | ആകെ പ്രൊജക്റ്റുകൾ |
|---|---|---|---|---|---|
| അംഗീകരിച്ച പ്രൊജക്റ്റുകൾ | 115 | 60.85 | 74 | 39.15 | 189 |
| നടപ്പാക്കിയവ | 76 | 60.09 | 63 | 85.14 | 139 |
| നടപ്പാക്കാത്തവ | 39 | 33.91 | 11 | 14.86 | 50 |

2. <u>11 സ്പിൽഓവർ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല.</u>

വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 11 പ്രൊജക്റ്റുകൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്റ്റുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. വളരെയധികം പ്രൊജക്റ്റുകൾ തയ്യാറാക്കുകയും ഭൂരിഭാഗവും നിർവ്വഹിക്കപ്പെടാതിരിക്കുകയും ചെയ്യുന്നത് സ്പിൽഓവർ പ്രൊജക്റ്റുകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു.

3. പ്രൊജക്ടുകൾ വാർഡുകൾക്കിയിൽ വീതംവയ്ക്കപ്പെടുന്നു.

മുനിസിപ്പാലിറ്റിയെ ഒരു യൂണിറ്റായി കണ്ട് പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിന് പകരം, പ്രൊജക്ടുകൾ വാർഡുകൾക്കിടയിൽ വീതം വയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് പ്രൊജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിനും അടങ്കൽ ചെറുതാകുന്നതിനും കാരണമാകുന്നുണ്ട്. തൻവർഷം മുനിസിപ്പാലിറ്റി നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയ പ്രൊജക്ടുകളെ അടങ്കലിന്റെ അടിസ്ഥാനത്തിൽ താഴെ തരം തിരിച്ചതിൽനിന്നും ഇക്കാര്യം വ്യക്തമാണ്.

| അടങ്കൽ | | | | | |
|---|---|---|---|---|---|
| 2ലക്ഷം വരെ | 200001മുതൽ3 ലക്ഷം വരെ | 300001മുതൽ 4ലക്ഷം വരെ | 300001മുതൽ 5ലക്ഷം വരെ | 500001മുതൽലക്ഷം വരെ | 10ലക്ഷത്തിൽ അധികം |
| 119 | 35 | 9 | 13 | 10 | 3 |
| 62.96% | 18.52% | 4.76% | 6.88% | 5.29% | 1.59% |

4. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

# 3-10 ജീവിതശൈലിരോഗനിയന്ത്രണം-പദ്ധതി പൂർത്തിയായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ ജീവിതശൈലിരോഗനിയന്ത്രണം എന്ന പദ്ധതിയുടെ ഭാഗമായി (പ്രൊജക്ട് നമ്പർ,128/17-18) തനതു ഫണ്ടിൽ നിന്നും 100,000 രൂപ (പ്രൊഫോമ ഇൻവോയ്സ് നം.RPF798,RPF3210തി.22/12/2017 പ്രകാരം) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കിയിട്ടുണ്ട്. എന്നാൽ ജീവിതശൈലി രോഗനിർണയത്തിനായുള്ള നടപടികൾ സ്വീകരിച്ചതിന്റെയോ രോഗികളെ തെരെഞ്ഞെടുത്തതിന്റെയോ മെഡിക്കൽ സർവീസ് കോർപ്പറേഷനനിൽ നിന്നും ഒരു ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെയോ അവ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. 1,00,000 രൂപ തടസം ചെയ്യുന്നു.

# 3-11 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | മരുന്നിനായി നല്കിയ തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| പരിരക്ഷ (218/17-18) (ആകെ അടങ്കൽ ₹ 550,000 ആകെ ചെലവ് - ₹630400) | 138600 | 1/2017-18,/28-03-2018 (വികസനഫണ്ട്പൊതുവിഭാഗം) |
| പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ 294/17-18 ആകെ ചെലവ് - ₹300000 | 300000 | 2/2017-18/28-03-2018 (വികസനഫണ്ട്പൊതുവിഭാഗം) |

| | | |
|---|---|---|
| പാലിയേറ്റീവ് കെയർ223/13 | 150000 | 2/2017-1/28-03-2018,100000 (വികസനഫണ്ട്പൊതുവിഭാഗം) 50000(തനതു ഫണ്ട്) |
| ആകെ | 588600 | |

തനതു ഫണ്ടുകൾ ലഭ്യമായതിന്റെ തിയതി,തുക ഉൾപ്പെടെയുള്ള യാതൊരു വിശദാംശങ്ങളും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ പ്രൊജക്റ്റ് റജിസ്റ്ററും,സബ്സിഡിയറി റജിസ്റ്ററും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. 5,88,600 രൂപ തടസ്സത്തിൽ വെക്കുന്നു.

# 3-12 വളാഞ്ചേരി പി.എച്ച്.സി.നവീകരണം:പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം:.238/18.

കരാർ നം:97/17-18 തീയ്യതി.3.3.18

അടങ്കൽ 5ലക്ഷം രൂപ (MG(NR)

എം.ബുക്ക്.നം.161/17-18, 169/17-18

പ്രൊജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. പൊളിച്ച് മാറ്റിയ ഓട് പുനരുപയോഗിക്കുകയോ, പൊതു ലേലം മുഖേനെ വിറ്റഴിക്കുകയോ ചെയ്തിട്ടില്ല.

ഈ പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവൃത്തികളിലെ ഒന്നാമത്തെ ഇനം അങ്കണവാടിയുടെ ഓട് കൊണ്ടുള്ള മേൽക്കൂര പൊളിച്ച് മാറ്റി അട്ടിവെക്കലാണ് (DSR2017-15.31). അളവ് ബുക്ക് നമ്പർ 161/17-18 പേജ് 1 അനുസരിച്ച് ഈ പ്രവൃത്തി 141.90m2 നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പൊളിച്ച് മാറ്റിയ ഓട് പിന്നീട് ഉപയോഗിക്കുകയോ, പൊതുലേലം മുഖേന വിറ്റഴിക്കുകയോ ചെയ്തിട്ടില്ല. ഇത് പ്രവൃത്തി സ്ഥലത്ത് അട്ടിവെച്ചതായി സ്ഥല പരിശോധനയിൽ കണ്ടിട്ടുണ്ട്.

2. 0.5mm കനമുള്ള ഷീറ്റിന് പകരം 0.35mm കനമുള്ള ഷീറ്റ് ഉപയോഗിച്ചു.

പി.എച്ച്.സി കെട്ടിടത്തിന്റെ നിലവിലുള്ള ഓടിട്ട മേൽക്കൂര പൊളിച്ച് മാറ്റി 0.5mmകനമുള്ള ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റുകൊണ്ട് 149.695m2 അളവിൽ മേൽക്കൂര നിർമ്മിക്കുകയാണ് പ്രൊജക്ട് എസ്റ്റിമേറ്റ് ഭാഗം 1ലെ ഇനം.7 പ്രവൃത്തി(DSR2017-12.50 @755.42/m2). ഈ പ്രവൃത്തി 167.81m2 നിർവ്വഹിച്ചതായി അളവ് പുസ്തകം നം. 161/17-18 പേജ്.നം. 11 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്, അളവ് 157.18m2 ൽ പരിമിതപ്പെടുത്തി, ടെണ്ടർ കുറവ് 25.74% (ഐറ്റം റേറ്റ് കോൺട്രാക്ട്) കുറച്ചശേഷം എം2ന് 561.00 രൂപ നിരക്കിൽ 88177.98 രൂപ അനുവദിച്ചി'ട്ടുണ്ട്. എന്നാൽ 22.11.18 ന് മുനിസിപ്പൽ എഞ്ചിനീയറുടെ ഓഫീസിലെ ഓവർസിയർ ശ്രീ.നിഖിലേഷ്.പി.ടി യുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ 0.35mmകനമുള്ള ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റാണ് മേൽക്കൂര നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു.

0.35mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചുള്ള മേൽക്കൂര നിർമ്മാണത്തിന് ഒബ്സർവ്വ്ഡ് ഡാറ്റ നമ്പർ.od.284882/17-18 പ്രകാരം705.62/m2 നിരക്കാണ് അനുവദനീയമായിട്ടുള്ളത്. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മുനിസിപ്പാലിറ്റിയുടെ മരാമത്ത് പ്രൊജക്ടുകളുടെ ടി.എസ്. അതോറിറ്റി) തയ്യാറാക്കി അംഗീകരിച്ച ഈ ഡാറ്റ അനുസരിച്ചുള്ള നിരക്കാണ് മുനിസിപ്പാലിറ്റിയിൽ തൻവർഷം നിർവ്വഹിച്ച 0.35mm കനമുള്ള പ്രൊഫൈൽ ഷീറ്റ് കൊണ്ടുള്ള മേൽക്കൂര നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ പ്രവൃത്തിയിൽ 157.18m2 പ്രവൃത്തി നിർവ്വഹിച്ചതിന് ടെണ്ടർ കുറവ് 25.74% കുറച്ച് 524x157.18=82361.28രൂപക്ക് മാത്രമെ കരാറുകാരന് അർഹതയുള്ളൂ. എന്നാൽ 88177.98 രൂപ നൽകിയിട്ടുണ്ട്. ഇതു കാരണം കരാറുകാരന് അർഹമായതിലും 88177.98-82361.28=5816.70 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. പ്രസ്തുത തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.24/23.11.2018പ്രകാരം വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഇതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-13 നഗരസഭാ വാഹനത്തിന് പുതിയ വാഹന ഷെഡ്- 0.5mm കനമുള്ള ഷീറ്റിന് പകരം 0.35mm കനമുള്ള ഷീറ്റ് ഉപയോഗിച്ചു.

പ്രോജക്ട് നം.63/18

അടങ്കൽ 150000 രൂപ (തനത്)

കരാർ:71/25.2.17

എം.ബുക്ക്.നം.57/17-18

ചെലവ്- 137865/- വൗച്ചർ നം.5/10-17

പുതുതായി നിർമ്മിക്കുന്ന നഗരസഭ വാഹന ഷെഡ്ഡിന് 0.5mmകനമുള്ള ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റുകൊണ്ട് 110.40m2 അളവിൽ മേൽക്കൂര നിർമ്മിക്കുകയാണ് ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം.6 പ്രവൃത്തി(DSR2014-12.50 @847.10/m2). ഈ പ്രവൃത്തി 100.64m2 നിർവ്വഹിച്ചതായി മേൽ അളവ് പുസ്തകം പേജ്.നം. 17 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്, 847.10/m2 രൂപ നിരക്കിൽ 85252.14 രൂപ കരാറുകാരന് അനുവദിച്ചി'ട്ടുണ്ട്. എന്നാൽ 22.11.18 ന് മുനിസിപ്പൽ എഞ്ചിനീയറുടെ ഓഫീസിലെ ഓവർസിയർ ശ്രീ.നിഖിലേഷ്.പി.ടി യുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിട്ട് പരിശോധിച്ചപ്പോൾ 0.35mmകനമുള്ള ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റാണ് മേൽക്കൂര നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു.

0.35mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചുള്ള മേൽക്കൂര നിർമ്മാണത്തിന് ഒബ്സർവ്വ്ഡ് ഡാറ്റ നമ്പർ.od.284852/16-17 പ്രകാരം 796.34/m2 നിരക്കാണ് അനുവദനീയമായിട്ടുള്ളത് (കുറ്റിപ്പുറം ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും (മുനിസിപ്പാലിറ്റിയുടെ മരാമത്ത് പ്രൊജക്ടുകളുടെ ടി.എസ് അഥോറിറ്റി) തയ്യാറാക്കി അംഗീകാരം വാങ്ങിയ ഈ ഡാറ്റ അനുസരിച്ചുള്ള നിരക്കാണ് 0.35mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചുള്ള മേൽക്കൂര നിർമ്മാണ പ്രവൃത്തികൾക്ക് മുനിസിപ്പാലിറ്റിക്ക് സമീപമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2016-17 വർഷം അനുവദിച്ചിട്ടുള്ളത്). ആയതിനാൽ ഈ പ്രവൃത്തിയിൽ 100.64m2 പ്രവൃത്തി നിർവ്വഹിച്ചതിന് 100.64x796.34=80143.65 രൂപക്ക് മാത്രമെ കരാറർഹതയുള്ളൂ. എന്നാൽ കരാറുകാരന് അർഹമായതിലും 85252.14-80143.65=5108.00 രൂപ അധികം നൽകിയിട്ടുണ്ട്. പ്രസ്തുത തുക അളവെടുത്ത എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.25/23.11.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-14 ചെലവുകൾക്കാധാരമായ രേഖകൾ ലഭ്യമാക്കിയില്ല തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമനം | ബില്ലിന്റെ വിവരം | വൗച്ചർ നം/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയത് | 21700173/8.5.2017<br>21700259/12.6.2017<br>21700296/30.6.2017 | 165000<br>292875<br>825000 | ചെലവുകൾക്കാധാരമായ രേഖകൾ |
| 2 | നഗരസഭക്ക് ലോഗോ | 21700447/30.8.2017 | 25000 | ക്വട്ടേഷൻ ഇല്ല |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ ,DAS ads കോട്ടക്കലിന് നൽകിയത് | | | |
| 3 | പദ്ധതി രേഖ പ്രിന്റ് ചെയ്തത് Finger Print വളാഞ്ചേരിക്ക്നൽകിയത് | 21700426/30.8.2017 | 78480 | ക്വട്ടേഷൻ ഇല്ല |
| 5 | ഡ്രൈവർ രാഗേഷിന്റെ ടി.എ(11/15 to 8/17) | 21700473/27.9.2017 | 21275 | യാത്രാ ബില്ല് ഇല്ല |
| 6 | ഡ്രൈവർ യാസറിന്റെ ടി.എ(5/16 to 5/17) | 21700465/26.9.2017 | 7125 | യാത്രാ ബില്ല് ഇല്ല |
| 7 | 7 സ്ഥലങ്ങളിൽ ഭൂജല സർവ്വേ നടത്തിയതിന് ഭൂജല വകുപ്പിന് നൽകിയത് | 21700519/6.10.2017 | 12250 | സർവ്വേ റിപ്പോർട്ട് ഇല്ല |
| 8 | വയോമിത്ര പദ്ധതിക്കായി ഫർണ്ണിച്ചർ വാങ്ങിയത് | 21700510/6.10.17 | 47220 | ക്വട്ടേഷൻ,സ്റ്റോക്ക്,വിതരണം എന്നിവ ഇല്ല |
| 9 | കാട്ടിപ്പരുത്തി-കാരാംകുന്ന്പൈപ്പ് ലൈൻ നീട്ടൽ ശ്രീ ഷംസുദ്ധീന് നൽകിയത് | 21701150/20.12.2017 | 93100 | ക്വട്ടേഷൻ,എംബുക്ക് തുടങ്ങിയവ ഇല്ല |
| 10. | വസ്തുനികുതി2തവണഒടുക്കിയത് ശ്രീ ഹുസൈൻ കോയ തങ്ങൾക്ക് തിരികെ നൽകുന്നത് | 21700678/15.2.2017 | 1752 | നികുതി രസീത് പകർപ്പ് ഇല്ല,കൈപ്പറ്റ് ഇല്ല. |
| 11 | SSA വിഹിതം നൽകിയത് | ബിൽ നം.2/14.7.17<br>21701084/26.3.2018 | 1527000<br>273000 | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 12 | EMD തിരികെ നൽകിയത്<br>ശ്രീ ശങ്കരനാരായണൻ<br>ശ്രീ ഷമീർ.കെ | 21701136/31.1.2018<br>21701137/31.1.2018 | 2500<br>2500 | രസീത് ഇല്ല |
| 13 | കോൺഫറൻസ് ഹാൾ വാടക ശ്രീ ജനാർദ്ധനന് നൽകിയത്(2/17 to 11/2017) | 21700866/8.1.2018 | 426540 | തുക അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരം ഇല്ല |
| 14 | ലീഗൽ ഫീ അഡ്വ.മൊയ്തീന് നൽകിയത്കേസ്നം.753/2008 | 21700995/22.2.18 | 15000 | രസീത് ഇല്ല |
| 15 | ക്ളറിക്കൽ ഫീ നൽകിയത് കേസ് നം.wp(c)27311/2017 | 21700994/22.2.18 | 2000 | രസീത് ഇല്ല |
| 16 | ലീഗൽ ഫീ അഡ്വ.ദണ്ഡ പാണിക്ക് 4 കേസുകൾനൽകിയത് | 21700993/22.2.18 | 58000 | രസീത് ഇല്ല |
| 17 | വൈദ്യുതചാർജ്ജ്അടവാക്കിയത്<br>കൺസ്യൂമർ നം.18420<br>കൺസ്യൂമർ നം.47209<br>കൺസ്യൂമർ നം4543<br>കൺസ്യൂമർ നം5079 | 21700981/19/2/2018 | 97889 | രസീത് ഇല്ല |

| | | | | |
|---|---|---|---|---|
| 18 | വൈദ്യുത ചാർജ്ജ് അടവാക്കിയത് കൺസ്യൂമർ നം.16041 കൺസ്യൂമർ നം.7118 കൺസ്യൂമർ നം44532 കൺസ്യൂമർ നം4259 | 21700982/19/2/2018 | 1245 | രസീത് ഇല്ല |
| 19 | വൈദ്യുത ചാർജ്ജ് അടവാക്കിയത് കൺസ്യൂമർ നം.4261 കൺസ്യൂമർ നം.4265 കൺസ്യൂമർ നം4266 കൺസ്യൂമർ നം4267 | 21700983/19/2/2018 | 4954 | രസീത് ഇല്ല |
| 20 | വൈദ്യുതചാർജ്ജ്അടവാക്കിയത് കൺസ്യൂമർ നം.48862 കൺസ്യൂമർ നം.48663 കൺസ്യൂമർ നം48867 കൺസ്യൂമർ നം49441 | 21700984/19/2/2018 | 5879 | രസീത് ഇല്ല |
| 21 | വൈദ്യുത ചാർജ്ജ് അടവാക്കിയത് കൺസ്യൂമർ നം.49442 കൺസ്യൂമർ നം.49438 കൺസ്യൂമർ നം49436 | 21700985/19/2/2018 | 4642 | രസീത് ഇല്ല |
| 22 | വസ്തു നികുതി 2 തവണ ഒടുക്കിയത് ശ്രീ അബ്ദുൽഹമീദിന് തിരികെ നൽകുന്നത് | 21701018/1.3.2018 | 7025 | നികുതി രസീത് പകർപ്പ് ഇല്ല,കൈപ്പറ്റ് ഇല്ല. |
| 23 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് കംമ്പ്യൂട്ടർ വാങ്ങിയത് | 21701079/28.3.2018 | 34000 | ബില്ല് ക്വട്ടേഷൻ ,സ്റ്റോക്ക് എന്നിവ ഇല്ല. |
| ആകെ | | | 4031251 | |

മേൽ ചെലവുകൾക്കാധാരമായ റിമാർക്സിൽ കാണിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 4തി.21.11.2018 നൽകിയിരുന്നെങ്കിലും രേഖകൾഹാജരാക്കിയില്ല.ചെലവു തുക 4031251 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-15 നഗരസഭ ചെയർപേഴ്സന്റെ വാഹനം ലോഗ്ബുക്ക് പരിശോധന-അപാകതകൾ-സംബന്ധിച്ച്

നഗരസഭാ ചെയർപേഴ്സന്റെ വാഹനത്തിന്റെ (KL 55 T 6598) ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.26.9.17 മുതൽ 25.9.18 വരെ ചെയർ പേഴ്സണും കൺട്രോളിംഗ് ഓഫീസറും ലോഗ്ബുക്കിൽ ഒപ്പ് വെച്ചിട്ടില്ല

2.പ്രതിമാസ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

3.ആറു മാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണെന്നിരിക്കെ ആയത് ചെയ്തതായി കാണുന്നില്ല.

4.ഫ്യവൽ അക്കൗണ്ട് എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

5.വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച കാര്യങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

ലോഗ് ബുക്കിൽ ഏല്ലാ കോളങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 3-16 കുടിവെള്ള വിതരണം അപാകതകൾ

വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള വിതരണം നടത്തിയതിന് ശ്രീ വീരാൻകുട്ടി എന്നവർക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നം/തിയ്യതി | തുക | കാലയളവ് |
|---|---|---|---|
| 1 | 21700155/5.5.17 | 191000 | 13.4.17 to 20.4.17 |
| 2 | 21700172/8.5.17 | 245000 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 2170195/24.5.17 | 255000 | 1.5.17 to10.5.17 |
| 4 | 21700258/12.6.2017 | 259500 | 21.5.17 to 30.5.17 |
| 5 | 21700257/9.6.17 | 261500 | 11.5.17 to 20.5.17 |
| ആകെ | | 1212000 | |

<u>അപാകതകൾ</u>

1. കുടിവെള്ള വിതരണം ചെയ്യുന്നതിനായി ശ്രീ വീരാൻകുട്ടിയെ തെരഞ്ഞടുത്തതിന്റെ രേഖകൾ ഇല്ല.

2.ഏതൊക്കെ ദിവസങ്ങളിൽ എവിടെയൊക്കെ വെള്ളം വിതരണം ചെയ്തുവെന്നതിന് വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് അടക്കമുള്ള രേഖകൾ ഇല്ല.

3.ആദായ നികുതി 1% 12120 രൂപ ഈടാക്കിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.7 /21.11.2018 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല .ചെലവു തുക 1212000 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-17 പേ റിവിഷൻ അരിയർ നൽകിയത് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

നഗരസഭയിൽ ജോലി ചെയ്തിരുന്ന പഞ്ചായത്ത് ജീവനക്കാരുടെ ഒന്നും രണ്ടും പേ റിവിഷൻ അരിയർ താഴെപ്പറയും പ്രകാരം അതാത് പി.എഫ് /ബാങ്ക്അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്

| ക്രമ നം | വൗച്ചർ നം/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700112/6.4.17 | 270767(ഒന്നാം ഗഡു) | 15 പേരുടെ ബാങ്ക് അക്കൗണ്ടിലേക്ക് |
| 2 | 21701281/20.6.17 | 96726(ഒന്നാം ഗഡു) | 7 പേരുടെ PF<br>ലേക്ക് |
| 3 | വൗച്ചർ നം .രേഖപ്പെടുത്തിയിട്ടില്ല/30.11.17 | 258648(രണ്ടാം ഗഡു) | 17പേരുടെ PF<br>ലേക്ക് |

1. മുഴുവൻ ജീവനക്കാരുടെയും ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് ഇല്ല.

2.പെ-റിവിഷൻ അരിയറിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 8/21.11.2018 നൽകിയതിന് അടവാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കയത്.പേ റിവിഷൻ അരിയർ നൽകിയ എല്ലാ ജീവനക്കാരുടെയും കുടിശ്ശികയുടെ അടിസ്ഥാനശമ്പളത്തിന്റെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-18 SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയത് -അപാകത

സെക്രട്ടറി നിർവ്വഹണം നടത്തിയ SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ എന്ന പദ്ധതിയിൽ(പ്രൊജക്ട് നം.8/2018)ഉൾപ്പെടുത്തി ദിവ്യ കെ.പി D/O കാരി.പി,കോഴിക്കോട്ട് പടി (ക്രമ നം.21) എന്ന കുട്ടിക്ക് ലാപ് ടോപ് നൽകിയിട്ടുണ്ട്.എന്നാൽ അപേക്ഷയോടൊപ്പം ഹാജരാക്കിയ കോളേജ് സർട്ടിഫിക്കറ്റ്(സർട്ടിഫിക്കറ്റ് തി.29.12.17 St.Joseph college Devagiri) പ്രകാരം 2017 മാർച്ചിൽ കോഴ്സ് പൂർത്തികരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പഠിച്ച് കൊണ്ടിരിക്കുന്ന കുട്ടികൾക്കാണ് ലാപ് ടോപ്പിന് അർഹതയുള്ളത് എന്നിരിക്കെ കോഴ്സ് പൂർത്തീകരിച്ച കുട്ടിക്ക്, നിലവിൽ പഠനം നടത്തുന്നുണ്ടോ എന്ന കാര്യം പോലും ഉറപ്പു വരുത്താതെയും,സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ഇല്ലാതെയും ഇത്തരത്തിൽ ലാപ് ടോപ് നൽകിയത് ക്രമപ്രകാരമല്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. മേൽ വിഷയത്തിൽ വിശദീകരണം ഓഡിറ്റ് എൻക്വയറി നം.18/22-11-2018 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-19 SC വിദ്യാർത്ഥികൾക്ക് പഠന മുറി-രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ SC വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി(പ്രൊജക്ട് നം.281/2018)ക്കായി താഴെപ്പറയും പ്രകാരം വികസനഫണ്ട്(എസ്സ്.സി.പി) ചെലവഴിച്ചിട്ടുണ്ട്.(ബിൽ ബുക്ക് പ്രകാരം)

| ക്രമനം | ബിൽ നം/തിയ്യതി | തുക |
|---|---|---|
| 1 | 18/12.10.17 | 100000 |
| 2 | 20/6.1.2018 | 150000 |
| 3 | 24/29.1.2018 | 50000 |
| 4 | 28/9.2.2018 | 50000 |
| 5 | 29/9.2.2018 | 50000 |
| 6 | 44/9.2.2018 | 50000 |
| ആകെ | | 450000 |

<u>അപാകതകൾ</u>

1. ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2.മേൽ ബില്ലുകൾ പ്രകാരം ആർക്കൊക്കെ എത്ര തുകയാണ് നൽകിയത് എന്നതിന്റെയോ അക്കൗണ്ടിലേക്ക് തുകനൽകിയതിന്റെയോ വിവരം ഇല്ല.

പ്രസ്തുത ഫയലിൽ ഏതാനും അപേക്ഷകൾ മാത്രമാണ് ഉള്ളത്. മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 22/22.11.2018 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.ചെലവു തുക 450000ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-20 കോൺഫറൻസ് ഹാൾ വാടക നൽകിയത് ആദായ നികുതി

# ഈടാക്കിയില്ല.

നഗരസഭയുടെ കോൺഫറൻസ് ഹാൾ വാടക ഇനത്തിൽ ശ്രീ ജനാർദ്ധനൻ എന്നവർക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

| ക്രമ നം | വൗച്ചർ നം/തിയ്യതി | തുക | കാലയളവ് |
|---|---|---|---|
| 1 | 217001866/8.1.2018 | 426540 | 2/17 to 11/.17 |
| 2 | 21700888/29.1.2018 | 42654 | 12/17 |
| 3 | 21700966/9.2.2018 | 42654 | 1/18 |
| 4 | 21701020/8.3.2018 | 42654 | 2/18 |
| ആകെ | | 554502 | |

വാടക 180000 ൽ കൂടുതൽ നൽകിയതിനാൽ ആദായ നികുതി നിയമം സെക്ഷൻ 194 I പ്രകാരം ആദായ നികുതി 10% ഈടാക്കേണ്ടതാണ്. നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.24 /23.11.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആദായനികുതി ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-21 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

2017-18-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് പരിപാലനം (പ്രൊജക്റ്റ് നം.098/17,283/18) എന്ന പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

കരാറുകാരൻ -ഷംസുദ്ധീൻ.പി

കരാർ തുക -617000

എഗ്രിമെൻറ്- 1.3.2017

നൽകിയ തുക -200000(ചെക്ക് നം.8739/4.10.17)

408660( ചെക്ക് നം.9440/31.3.18)

---------------

ആകെ 608660

നഗരസഭയിലെ 945 തെരുവ് വിളക്കുകൾ (single tube 445.double tube 500)റിപ്പയറിനായിട്ടാണ് പ്രവർത്തി ടെണ്ടർ ചെയ്തിട്ടുള്ളത്.

<u>അപാകതകൾ</u>

1. ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ ഇനം ബൾബുകൾ ഉണ്ടെന്ന് തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2.തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായിമെമ്പർ മാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ വാർഡിലും എത്രഎണ്ണം റിപ്പയർ ചെയ്തു എന്നത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.നൽകിയ തുകയിൽ നിന്ന് IT,Kcwwf എന്നിവ ഈടാക്കി അടവാക്കിയതിന്റെ രേഖകൾ ഇല്ല.
4. കെ.എസ്.ഇ.ബിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
5. കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ് അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും IT,Kcwwf എന്നിവ ഈടാക്കി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- | UTR നം. U0000041621382 | 20,00000 | 0 | 20,00000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയവ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക പ്രകാരം 10,45,443 രൂപ ഉണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 51 | 2001-02 | V 10 - 2-(1) | മരാമത്ത്- അധിക ചെലവ് | നടപടി തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-2001 | 28,30 | ശ്രീ.എൻ.എസ്. പാലകൃഷ്ണൻ | LF 18290/ Spl.cell/SC5/03 10.2.04 | 7530 | 7530 Rt 88/45517/3 1-3-03 |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ)* **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 14,32,17,104 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,35,21,575 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,37,336/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35,105/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 91,37,991/- |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 82,500 | | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 2-2 | 10,000 | | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 2-4 | 14,4836 | | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-1 | | 22,677 | ശ്രീമതി ഗിരിജ പിള്ളക്കാട്ട് I.C.D.S സൂപ്പർവൈസർ |
| 3-8 | | 1,504 | ശ്രീ.ഗ്രേഷ്യസ് എം. ജോൺ മുൻസിപ്പൽ എഞ്ചിനീയർ |
| 3-12 | | 5,816 | ശ്രീ.ഗ്രേഷ്യസ് എം. ജോൺ, മുൻസിപ്പൽ എഞ്ചിനീയർ. |
| 3-13 | | 5,108 | ശ്രീ.ഗ്രേഷ്യസ് എം. ജോൺ, മുൻസിപ്പൽ എഞ്ചിനീയർ. |
| ആകെ | 2,37,336 | 35,105 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,00,000 | ശ്രീമതി ഗിരിജ പിള്ളക്കാട്ട് I.C.D.S സൂപ്പർവൈസർ |
| 3-4 | 18,47,480 | ശ്രീ രാജൻ. എൻ .കെ,ഹെൽത്ത് ഇൻസ്പെക്ടർ |
| 3-10 | 1,00,000 | ഡോ. ജിഷ നഹർ മുസ്തഫ മെഡിക്കൽ ഓഫീസർ, P.H.C |
| 3-11 | 5,88,600 | “” |
| 3-14 | 40,31,251 | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-16 | 12,12,000 | “” |
| 3-19 | 4,50,000 | “” |
| 3-21 | 6,08,660 | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| **ആകെ** | 91,37,991 | |

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-**

ഖണ്ഡിക 2-1 ഷോപ്പിങ് കോംപ്ലക്സ് വാടക കുടിശ്ശിക സംബന്ധിച്ച്

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി | സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ | തൈപ്പറമ്പിൽ ഹൗസ്, എസ്.എൽ പുരം പി.ഒ, ചേർത്തല, ആലപ്പുഴ-688523 |
| ശ്രീമതി ഗിരിജ പിള്ളക്കാട്ട് | I.C.D.S സൂപ്പർവൈസർ | ചേലക്കര വീട്,മങ്കട പി.ഒ. മലപ്പുറം,679324 |
| ശ്രീ.ഗ്രേഷ്യസ് എം. ജോൺ | മുൻസിപ്പൽ എഞ്ചിനീയർ | മണിമലയിൽ ഹൗസ് വെണ്ടുവഴി ,കരുക്കാടം പി.ഒ കോതമംഗലം എറണാകുളം-686691 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95,95-96 | LFM11/78/98/28-2-03 | 9 |
| 96-97 | LFM11/378/03/28-2-03 | 1 |
| 97-98 | LFM11/414/01/28-2-03 | 1 |
| 98-99 | LFM11/1764/01/28-2-03 | 22 |
| 99-00 | LFM11/118/02/28-2-03 | 13 |
| 00-01 | LFM11/1222/01/16-11-02 | 7 |
| 01-02 | LFM11/935/03/6-8-04 | 15 |
| 02-03 | LFM12/1286/04/25-4-05 | 5 |
| 03-04 | LFM9/1422/07/15-2-06 | 12 |
| 04 -05 | LFM9/297/8-2-07 | 8 |
| 05-06 | LFM9/298/07/8-2-07 | 10 |
| 06-07 | LFM9/444/09/7-5-10 | 10 |
| 07-08 | LFM13/2088/10/ | 9 |
| 08-09 | LFM13/2089/10 | 13 |

| | | |
|---|---|---|
| 07-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 09-10,10-11 | LFM13/785/13/25-5-13/12-6-13 | 22 |
| 11-12, 12-13 | LFM13/ 856/ 15 21-5-15 | 15 |
| 13-14, 14-15 | LFM13/ 1514/2015 dated 01-08-2015 | 23 |
| 15-16 | KSAMPM25/241/2017 dated 7-02-2017 | |
| 16-17 | KSAMPM25/2456/2017 30 -11 -2017 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.20/2016/2018 തീയ്യതി :10-10-2018

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വളാഞ്ചേരി നഗരസഭയുടെ** 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനീയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**